**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5221** **04-07-2024 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നും 23.08.2021 ലെ 13(4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം മാറ്റം കൊണ്ടുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നുള്ള പ്രസ്തുത ഓഫീസ് മെമ്മോറാണ്ടം പ്രകാരം തണ്ടപ്പേർ കക്ഷികൾ സ്വമേധയാ തയ്യാറായാൽ മാത്രമേ ആധാർ റെലിസിലുള്ള ലാൻഡ് പാർസലുമായി ലിങ്ക് ചെയ്ത് യൂണിക്ക് തണ്ടപ്പേർ ലഭിക്കുകയുള്ളൂ. ആയതിനാൽ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും മാറ്റം വരുത്തേണ്ടതില്ല. |
| (സി) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി പുതിയ നിയമ നിർമ്മാണം ആവശ്യമാണോ; എങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമില്ല. 12.02.2020 ലെ സ.ഉ.(സാധാ)നം.552/2020/റവ പ്രകാരം സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യൂണിക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് റെലിസ് ആപ്ലിക്കേഷനിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇക്കാര്യത്തിനായുള്ള ആധാർ ഓതന്റിക്കേഷനുള്ള അനുവാദം കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതിക മന്ത്രാലയത്തിൽ നിന്നും നേടിയെടുക്കുകയും ചെയ്തു. ആയത് അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ